www.malankaralibrary.com

മാർച്ച്
2022
ലക്കം 2

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



## വിശുദ്ധിയുടെ നോമ്പുകാലം

www.malankaralibrary.com

# എഡിറ്റോറിയൽ



## വിശുദ്ധിയുടെ വലിയ നോമ്പ് കാലം

വലിയ നോമ്പിന്റെ പുണ്യദിനങ്ങളിലൂടെയാണല്ലോ നാം കടന്നു പോകുന്നത്. മുപ്പത്തിമൂന്ന് വയസ്സുകാരൻ യുവാവ് ലോകജനതയുടെ രക്ഷയ്ക്കുവേണ്ടി ജറുസലേമിന്റെ തെരുവീഥികളിൽ മരക്കുരിശുമേന്തി ഗാഗുൽത്തായുടെ വിരിമാറിലേയ്ക്ക് നടന്നു നീങ്ങിയ ആ വഴികളിലൂടെ അവന്റെ കാൽപ്പാടുകൾ പിൻചെന്ന് സഹയാത്രികരാകുവാൻ ഈ നോമ്പു കാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

കഷ്ടതകളുടെ നടുവിലും പ്രയാസങ്ങളുടെ ജീവിതയാത്രയിലും പ്രത്യാശയുടെ ഒരു ഉയിർപ്പ് നമ്മെ കാത്തിരിക്കുന്നുവെന്ന് ഈ നോമ്പു കാലം നമുക്ക് കാട്ടിത്തരുന്നു.

അശുദ്ധിയുടെ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനായി മാറുവാൻ ഈ നോമ്പുകാലം നമുക്ക് പ്രയോജനപ്പെടുത്താം. ഉപവി പ്രവർത്തനങ്ങളിലൂടെ നമ്മുടെ കൂടെ ആയിരിക്കുന്നവരെ നമുക്ക് കരുതാം, ചേർത്ത് പിടിക്കാം.

ക്രിസ്തുവിന്റെ പീഡാസഹനങ്ങളിൽ അവന്റെ കുരിശു ചുമക്കുവാൻ സഹായിച്ച ശിമയോനെ പോലെ, നമ്മുടെ ഒപ്പമായിരിക്കുന്നവരുടെ വേദനകളാകുന്ന കുരിശുകൾ ചുമക്കുവാൻ നമുക്കും പരിശ്രമിക്കാം. പരിശുദ്ധ അമ്മ യേശുവിന്റെ ഒപ്പം നടന്നതുപോലെ നമുക്കും അവന്റെ ഒപ്പം നടക്കാം.

വിശുദ്ധ അൽഫോൻസാമ്മ നമ്മെ ഓർമിപ്പിക്കുന്നത് പോലെ 'തന്റെ വേദനകൾക്കിടയിലും സങ്കടപ്പെടുന്ന അനേകം പേരുടെ മുഖത്തേക്ക് നോക്കി പുഞ്ചിരിക്കാൻ നമുക്ക് സാധിക്കണം.'


വിശുദ്ധിയുടെ ഒരു നല്ല നോമ്പുകാലം ആശംസിക്കുന്നു..

സ്നേഹപൂർവ്വം
**സുബിൻ തോമസ്**
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ.



www.malankaralibrary.com

# Presidential Desk



പ്രിയ സഹയാത്രികരെ,

തിരുമുറിവുകളുടെ ഓർമ്മകൾ ഹൃദയത്തെ ആവരണം ചെയ്യുന്ന മറ്റൊരു നോമ്പ് നാളിലേക്ക് നാം കാൽവെച്ചിരിക്കുകയാണ്. കുതിച്ചുയരുന്ന പ്രതിസന്ധികളും എത്തിപ്പെടാനാവാത്ത ആശങ്കകളും യുവത്വത്തെ വല്ലാതെ ആവരണം ചെയ്യുന്ന ഈ നവനൂറ്റാണ്ടിൽ സന്തോഷങ്ങൾക്കും സങ്കടങ്ങൾക്കും ആശയങ്ങൾക്കും അനേകരെ ആശ്രയിക്കുന്ന ഒരു തലമുറ നമുക്കൊപ്പം വളർന്നു വരുകയാണ്. നമ്മുടെ യാത്രക്കുള്ള ഉത്തരം കുരിശിലേക്ക് നിന്ന് കണ്ടെത്തുവാൻ നാം നമ്മുടെ സഹയാത്രികരെ പഠിപ്പിക്കണം. നമ്മുടെ ഉപവാസവും പ്രാർത്ഥനകളും മറ്റുള്ളവരുടെ മുൻപിൽ തുറന്നു കാട്ടാതെ നമ്മളെ തന്നെ ക്രിസ്തുവിനോട് അടുപ്പിക്കുന്ന ഒരു വലിയ പരിമള കാലമാണ് ഈ നോമ്പുകാലം. ക്രിസ്തുവിന്റെ വക്ഷസിൽ ചാരിക്കിടന്ന് ആ ഹൃദയത്തിൽനിന്ന് യോഹന്നാൻ സ്നേഹം സ്വീകരിച്ചതുപോലെ അവന്റെ വക്ഷസിൽ ചാരിക്കിടക്കുവാനും സ്നേഹം സ്വീകരിക്കാനും സഹയാത്രികർക്ക് പങ്കുവയ്ക്കുവാനും നമുക്ക് സാധിക്കണം. ഇവിടെയാണ് ഒരു കത്തോലിക്കാ യുവാവെന്ന നിലയിൽ ക്രിസ്തു സ്നേഹവും മനുഷ്യസ്നേഹവും മറ്റുള്ളവരുടെ മുൻപിൽ നമുക്ക് വെളിവാക്കാൻ സാധിക്കുക. നമ്മുടെ വിശ്രമ സമയങ്ങളെല്ലാം പ്രാർത്ഥനാനിരതമാകട്ടെ.... കർത്താവിന്റെ പീഡാനുഭവത്തിൽ പങ്കുചേർന്നു കൊണ്ട് ആ തിരുമുറിവുകളിൽ നിന്ന് ഊർജ്ജം സ്വീകരിച്ചുകൊണ്ട് നമുക്ക് ഈ യാത്ര തുടർന്നു കൊണ്ടുപോകാം.

**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്




www.malankaralibrary.com

# സ്വർഗ്ഗത്തിൽ സമ്പാദ്യം ഉള്ളവരാകാം

**"നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദയവും"**
(ലൂക്ക 12:34)



**റോബിൻ ജോസഫ്**
സെക്രട്ടറി,
സഭാതല സമിതി

കാണാത്ത ഇടങ്ങളിൽ നിക്ഷേപം സൃഷ്ടിക്കുവാൻ കഴിവുള്ളവരാണ് നമ്മൾ എന്നിരുന്നാലും കൈവിരലുകളുടെ അകലത്തിൽ നിക്ഷേപം സൂക്ഷിക്കുന്നവരായി നമ്മൾ മാറിയിരിക്കുകയാണ്. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ പ്രാർഥനപോലെ 'കർത്താവേ പറുദീസ മോഹിച്ചാണ് ഞാൻ അങ്ങയെ സ്നേഹിക്കുന്നതെങ്കിൽ മാലാഖയെ വിട്ട് അങ്ങ് അതിന്റെ വാതിൽ അടപ്പിക്കുക നരകത്തെ പേടിച്ചാണ് ഞാൻ അങ്ങയെ സ്നേഹിച്ചതെങ്കിൽ എന്നെ ആ നിത്യാഗ്നിയിലേക്ക് എറിഞ്ഞേൽക്കുക എന്നാൽ അങ്ങേയ്ക്ക് വേണ്ടി അങ്ങേയ്ക്ക് വേണ്ടി മാത്രമാണ് ഞാൻ അങ്ങയെ സ്നേഹിക്കുന്നതെങ്കിൽ ഇരുകരങ്ങളും നീട്ടി എന്നെ സ്വീകരിക്കേണമേ'. കാണാത്ത സ്വർഗ്ഗത്തിൽ സമ്പാദ്യം ഉള്ളവരായി മാറുവാൻ നോമ്പാലും പ്രാർത്ഥനയാലും നാം ഓരോരുത്തരും ഇനി എത്ര ദൂരം സഞ്ചരിക്കേണം എന്നതിന്റെ കണക്കുകൂട്ടലാകട്ടെ ഈ നോമ്പുകാലം.

ആത്മാവാണ് ജീവൻ നൽകുന്നത് ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോട് ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ് (യോഹന്നാൻ 6:63). വചനം നിത്യജീവനിലേക്കുള്ള പ്രകാശമാണ്, ജീവൻ പിറവിയെടുക്കുന്നത് ആത്മാവിൽ നിന്നും ആണ് ദൈവവചനത്തിലൂടെ ആത്മാവും ജീവനും നേടിയെടുക്കാൻ സാധിച്ചാൽ നമുക്ക് സ്വർഗത്തിൽ സമ്പാദ്യം ഉള്ളവരാകാം.

നോമ്പിന്റെ പാതയിലൂടെ ആത്മാവും ജീവനുമാകുന്ന നമ്മുടെ സമ്പാദ്യം വചനത്തിൽ വിശ്വസിച്ചുകൊണ്ട് സ്വർഗ്ഗമെന്ന അനശ്വരതയിൽ നിക്ഷേപിക്കുവാൻ സാധിക്കണം. ശരീരം ഒന്നിനും ഉപകരിക്കുന്നില്ലെങ്കിൽ പോലും മനുഷ്യസമ്പാദ്യം ശരീരത്തിൽ

www.malankaralibrary.com



നിറയുന്ന കാലമാണിത്. നാൽപത് ദിനരാത്രം മരുഭൂമിയിൽ ഉപവസിച്ച് പ്രാർത്ഥിച്ച കർത്താവ് സാത്താന്റെ പരീക്ഷണങ്ങളെ അതിജീവിച്ചതുപോലെ സാത്താന്റെ തന്ത്രങ്ങൾക്കെതിരെ പോരാടുവാൻ നോമ്പാകുന്ന ആത്മീയ പരിച എടുക്കുവാൻ നമുക്ക് പരിശ്രമിക്കാം. നോമ്പാലും പ്രാർത്ഥനയാലും അല്ലാതെ ഈ ജാതി നീങ്ങി പോകുകയില്ല എന്ന ദൈവവചനത്തിൽ വേരൂന്നി നമ്മുടെ തലമുറകൾ വളരണം.

വിപ്ലവകാരിയായ യേശുനാഥൻ മനുഷ്യനായി ലോകത്തിൽ അവതരിച്ച് ജീവിതം സുവിശേഷമായി മാറ്റിയപോലെ വിശ്വാസത്തിൽ അചഞ്ചലമായി ഭൂമിയിൽ വസിക്കാനും സ്വർഗ്ഗത്തിൽ നിത്യജീവൻ പ്രാപിക്കുവാനും ഈ വലിയ നോമ്പിനൊപ്പം നമുക്ക് സഞ്ചരിക്കാം. 'സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവച്ചിരിയ്ക്കുന്ന നിധിക്ക് തുല്യം. അത് കണ്ടെത്തുന്നവൻ അത് മറച്ചുവെക്കുകയും സന്തോഷത്തോടെ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുകയും ചെയ്യുന്നു'(മത്തായി 13:44) എന്നതുപോലെ ഇഹലോകത്തുള്ള എന്തിനേക്കാളും മൂല്യമേറിയ നിധിയാണ് സ്വർഗ്ഗരാജ്യം എന്ന സത്യം ക്രിസ്ത്യാനികളായ നാം പലപ്പോഴും മറന്നു പോവുകയാണ്. ഒപ്പം നടക്കുവാൻ കൂട്ടുകാരും, താലോലിക്കാൻ ലോകമോഹങ്ങളും കൈവരുമ്പോൾ നാം നമ്മുടെ ജീവനിലേക്ക് തിരിഞ്ഞു നോക്കാൻ മനഃപൂർവം മടിക്കുകയാണ്. സത്യവേദപുസ്തകത്തിലൂടെയും ക്രിസ്തുവിന്റെ ജീവിതത്തിലൂടെയും നമുക്ക് വരാനിരിക്കുന്ന വാസസ്ഥലത്തെക്കുറിച്ച് നമ്മൾ ജ്ഞാനം നേടിയിരിക്കുന്നു. പക്ഷേ അത് സ്വപ്നങ്ങളിലോ, വിദൂരതയിലോ ആണെന്ന മിഥ്യാധാരണയിൽ നീങ്ങുന്നവരാണ് നാം. ഇഷ്ടമുള്ളവയെ ത്യജിക്കാനും സ്നേഹിക്കുന്നവയെ സ്വതന്ത്രമാക്കാനും നമുക്ക് കഴിയുമെങ്കിൽ സത്യനോമ്പിന്റെ പാതയിൽ നീങ്ങുവാനും നമുക്ക് സാധിക്കും. ദൈവസ്നേഹത്തിന്റെ പൂർണത അനുഭവിക്കാനും പൈശാചിക തന്ത്രങ്ങളിൽ നിന്നും രക്ഷനേടാനും നമ്മുടെ നിക്ഷേപം സ്വർഗ്ഗരാജ്യത്തിൽ ആയിരിപ്പാനും ഈ നോമ്പുകാലത്ത് കഴിയട്ടെ എന്ന് പ്രാർത്ഥിക്കാം.

**'സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചു വച്ചിരിക്കുന്ന നിധിക്ക് തുല്യം. അത് കണ്ടെത്തുന്നവൻ അത് മറച്ചുവെയ്ക്കുകയും സന്തോഷത്തോടെ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുകയും ചെയ്യുന്നു'** (മത്തായി 13:44)


www.malankaralibrary.com

# നോമ്പ്കാലം
# കുരിശ് പൂക്കുന്നകാലം..



**സെലിൻ ജോൺ**
പ്രസിഡന്റ്
ഗുഡ്ഗാവ് ഭദ്രാസനം

വിരുന്നിന്റെ ആഘോഷവും ആരവവും ഉയരുന്ന സുവിശേഷതാളുകളിൽ തന്നെ നോമ്പിന്റെയും സഹനത്തിന്റെയും ഒരുപിടി മൗനങ്ങളും ഉയരുന്നുണ്ട്. കാൽവരിയുടെ നെറുകയിലേക്കുള്ള ആ യാത്രയുടെ ദൂരം ഒരു നോമ്പ് കാലത്തിന്റെ ദൂരം തന്നെയാണ്.

നോമ്പ് ഒരു മടക്കയാത്രയാണ്. തിരിച്ചറിവുകൾ നൽകുന്ന ചില ബോധിവൃക്ഷത്തണലിലേക്കുള്ള തിരിച്ചുവരവ്. യാത്രകൾ ലക്ഷ്യങ്ങൾ തേടിയുള്ളതാണ്. ലക്ഷ്യം നേടിയതിനുശേഷം മടക്കയാത്രയും. എന്നാൽ ചില മടക്കയാത്രകൾ വഴിതെറ്റി എന്നുള്ള അറിവിൽ നിന്ന് ശരിയായ വഴികൾ തേടിയുള്ളതുമാകാം. ധൂർത്ത പുത്രന്റെ തിരിച്ചുവരവ് വഴിപിഴച്ചു എന്ന അറിവിൽ നിന്നായിരുന്നു. തിരിച്ചെത്തിയതോ പടിയിറങ്ങിപ്പോയ പിതാവിന്റെ അതേ സ്നേഹക്കൂടാരത്തിലേക്ക് തന്നെ... ഈ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത് സ്നേഹത്തിന്റെ കൂടാരങ്ങളിലേയ്ക്കാണ്.

അനുരഞ്ജനത്തിന്റെ ചില കണ്ടുമുട്ടലുകളും ക്ഷമയുടെ ചില പുതിയ പാഠങ്ങളും പങ്കുവെയ്ക്കലിന്റെ പുതിയ തീൻമേശകളും നമുക്ക് ഇന്ന് ആവശ്യമാണ്. നോമ്പുകാലം കുരിശു പൂക്കുന്ന കാലം അല്ലേ?




അതേ കുരിശ് പൂക്കുന്നത് സ്നേഹം നിറയുമ്പോഴാണ്, ക്ഷമയുടെ പുതിയ വഴികൾ നാം തുറക്കുമ്പോഴാണ് ക്രിസ്തുവിന്റെ കുരിശ് ഇന്നും പൂക്കുന്നത്.

കാൽവരിയിലെ കുരിശ് പൂത്തുലഞ്ഞത് അതിൽ സ്നേഹത്തിന്റെ ഒരു ബലി അവൻ അർപ്പിച്ചപ്പോഴാണ്. അന്നുവരെ കുരിശുകൾ പൂത്തിരുന്നില്ല, കുരിശുകൾ നിലവിളികളുടെ ഇടങ്ങൾ ആയിരുന്നു കുരിശുകൾ ഭയമായിരുന്നു. നോമ്പിന്റെ പ്രാർത്ഥനയിൽ നാം ഇങ്ങനെ പ്രാർത്ഥിക്കുന്നുണ്ട്.

"നോമ്പു നല്ലതാകുന്നു. സ്നേഹം കൂടാതെയും വായ് നിയന്ത്രിക്കാതെയും ഒരുവൻ നോമ്പാചരിക്കുന്നുവെങ്കിൽ അവന്റെ വ്രതംകൊണ്ട് ഒരു പ്രയോജനവുമില്ല. പ്രാർത്ഥന സ്നേഹിക്കപ്പെട്ടതാകുന്നു. സ്നേഹം അതിനെ കരേറ്റുന്നില്ലെങ്കിൽ അതിന്റെ ചിറകു ബലഹീനമായിരിക്കും. അത് അത്യുന്നതനെ കണ്ടെത്തുകയുമില്ല.

നോമ്പ് വെറും ഒരു അനുഷ്ഠാനം അല്ല, അത് സ്നേഹത്തിന്റെ ആഘോഷമാണ്.

ഈ ദിനങ്ങൾക്കപ്പുറം നമുക്കായി ഒരു ദിനം ഉണ്ട്. കാത്തിരിക്കൂ.. മടക്കയാത്രയുടെ ഒടുവിൽ തീരം അണയുമ്പോൾ നമുക്കായി കാത്തുവച്ചിരിക്കുന്ന ഒരു കൊച്ചു സ്നേഹക്കൂടാരം അവിടെയുണ്ടാവും, അതിൽ കത്തുന്ന ഒരു തിരിയും. പിന്നെ നിറമിഴികളോടെ പൂർത്തനായ മകന്റെ വരവും കാത്തിരിക്കുന്ന ഒരു പിതാവിന്റെ സ്നേഹചുംബനത്തിന്റെ ചൂടും ആലിംഗനത്തിന്റെ സുഖവും.



www.malankaralibrary.com

# The Masked Thief

*(The poem is set in the background of war and utter destruction).*



**Christeena Treesa Antony**
*Archdiocese of Thiruvalla*

*Mock the tree! The bird said,*
*Flying across the green,*
*the half-burned mead.*
*Mock the sky, where it's glory went?*
*Or is it in any sort of ashy lent?*

*Look down the blazing earth.*
*Overlook the gasping breath.*
*My nest is in the west,*
*The land where brilliants rest.*

*I should have a stone heart,*
*Strong eyes and strong wings.*
*Treacherous claws of tiny bullets*
*Tear souls off tiny bodies.*

*I should be a loyal being*
*With loyal hand and loyal wand*
*To tear out tears from lumen eyes,*
*As diamonds from fiery blaze*

*Transient frail arms stretched*
*Fierce fruits of frail brain*
*Arms that hold arms turned and made*
*Strange strangled statues*

*Meaninglessness ruled over the*
*Burning tree and blazing mead*
*I should rather fly and flee*
*Before my wings get fire.*

*The wind of the wings whispered;*
*Is this silence, a masked peace*
*Of glory, pride and power?*
*Or a masked thief that loots*
*Love, lull and life?*

www.malankaralibrary.com



# സഭാതലസമിതി

## പ്രാർത്ഥനാ ദിനം




പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാനപ്രകാരം മാർച്ച് 2-ാം തീയതി, യുദ്ധക്കെടുതി മൂലം ദുരിതമനുഭവിക്കുന്ന ഉക്രൈൻ- റഷ്യൻ ജനതകൾക്ക് വേണ്ടി സഭാതല സമിതിയുടെ നേതൃത്വത്തിൽ പ്രാർത്ഥനാദിനമായി ആചരിച്ചു.

വൈകുന്നേരം 7.30 മണി മുതൽ നാലാഞ്ചിറ മാർ ഈവാനിയോസ് കോളേജ് ചാപ്പലിൽ വച്ച് ദിവ്യകാരുണ്യ ആരാധന നടത്തി.

ആരാധനയ്ക്ക് നേതൃത്വം നൽകിയ ഫാ. ജോഷി റെയ്മണ്ട് ഒ.ഐ.സി., കോളേജ് ചാപ്പൽ ആരാധനയ്ക്കായി നൽകിയ ഫാ. ജോഷ്വാ കൊച്ചുവിളയിൽ, തിരുവനന്തപുരം വൈദിക ജില്ലയിലെ യുവജനങ്ങൾ, ജില്ലാ ഭാരവാഹികൾ, ഏവരെയും നന്ദിയോടെ ഓർക്കുന്നു.

സഭയിലെ എല്ലാ ഭദ്രാസനങ്ങളിലും എം.സി. വൈ.എം.ന്റെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തി.


## സമാധാന ദീപം

ലോക സമാധനത്തിന് വേണ്ടിയും യുദ്ധക്കെടുതി മൂലം ദുരിതം അനുഭവിക്കുന്ന ഉക്രൈൻ-റഷ്യൻ ജനതകൾക്ക് വേണ്ടിയും എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ സമാധാന ദീപം തെളിയിച്ചു.



പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം പ്രാർത്ഥനാദിനം ആചരിക്കുകയും അതേത്തുടർന്ന് സമാധാന ദീപം തെളിയിക്കുകയും ചെയ്തു.

## പ്രാർത്ഥനാശംസകൾ...



ലത്തീൻ സഭയുടെ തിരുവനന്തപുരം അതിരൂപതയുടെ പുതിയ ആർച്ച് ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവിന് എം.സി.വൈ.എം. കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...

## അഭിനന്ദനങ്ങൾ...



കെ.സി.ബി.സി. യുടെ 2022 വർഷത്തെ Best Media Women Power Award നേടിയ മാവേലിക്കര ഭദ്രാസനത്തിലെ എം.സി.വൈ.എം. ശൂരനാട് യൂണിറ്റ് അംഗം സ്നേഹ കുഞ്ഞുമോന് അഭിനന്ദനങ്ങൾ...

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം. ൽ നിന്നും കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ബിച്ചു കുര്യൻ തോമസ് (മൂവാറ്റുപുഴ ഭദ്രാസനം), ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട ലിനു വി. ഡേവിഡ് (പത്തനംതിട്ട ഭദ്രാസനം), സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട സെലിൻ ചന്ദ്രബാബു (പാറശ്ശാല ഭദ്രാസനം) എന്നിവർക്ക് എം.സി. വൈ.എം. കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

www.malankaralibrary.com






## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### കർമ്മപദ്ധതി ഉദ്ഘാടനം

### യുവജനങ്ങൾ : സഹയാത്രികർ

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ 2022 വർഷത്തെ കർമ്മപദ്ധതി ഉദ്ഘാടനം മാർച്ച് 12 ശനിയാഴ്ച രാവിലെ 9 മണി മുതൽ സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. തിരുവനന്തപുരം മേജർ അതിഭദ്രാസന മുഖ്യവികാരി ജനറാൾ റൈറ്റ്. റവ മോൺ. ഡോ മാത്യു മനക്കരകാവിൽ കോർ എപ്പിസ്കോപ്പ ഉദ്ഘാടനം നിർവഹിച്ചു. മേജർ അതിഭദ്രാസന പ്രസിഡന്റ് രഞ്ജിത ആർ. ജെ. അധ്യക്ഷയായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനും തിരുവനന്തപുരം മേജർ അതിഭദ്രാസനാധ്യക്ഷനുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ അനുഗ്രഹപ്രഭാഷണം നടത്തി. എം.സി.വൈ.എം. സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി വനിതാദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. എം.സി.വൈ.എം. സഭാതല ഡയറക്ടർ ബഹു. എബ്രഹാം മേപ്പുറത്ത്, ജനറൽ സെക്രട്ടറി മനു മാത്യു, സഭാതല ട്രഷറർ ജോബിൻ ഡേവിഡ്, മോബിൻ മോനച്ചൻ എന്നിവർ പ്രസംഗിച്ചു.



## ഉപവാസപ്രാർത്ഥനാദിനം

ലോകം മുഴുവൻ പ്രാർത്ഥനയോടെ കഴിയുന്ന ഈ ദിനങ്ങളിൽ, പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ



www.malankaralibrary.com



യുടെ ആഹ്വാനപ്രകാരം, ലോകസമാധാനത്തിനായി എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പ്രാർത്ഥനായജ്ഞത്തോടൊപ്പം ചേർന്ന് തിരുവനന്തപുരം മേജർ അതിഭദ്രാസന കുടുംബവും.

ചോര ചിന്തുന്ന യുക്രൈന്റെ തെരുവോരങ്ങൾക്കായി, റഷ്യയുടെ യുദ്ധത്തിൽ നിന്നുമുള്ള പിന്മാറ്റത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

## തിരുവല്ല അതിഭദ്രാസനം

### സമാധാന പ്രാർത്ഥന




റഷ്യ-യുക്രൈൻ രാജ്യങ്ങൾ തമ്മിലുണ്ടായ യുദ്ധസമാനമായ സാഹചര്യത്തിൽ ഈ രാജ്യങ്ങൾക്കിടയിൽ ശാന്തിയും ഐക്യവും ഉണ്ടാകുവാൻ തിരുവല്ല അതിഭദ്രാസന എം.സി.വൈ.എം, എം.സി.എ. സംഘടനകളുടെ ആഭിമുഖ്യത്തിൽ ലോകസമാധാനത്തിനായി പ്രാർത്ഥന നടത്തി. സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ ദൈവാലയങ്കണത്തിൽ വച്ച് നടത്തിയ പ്രാർത്ഥനയിൽ അതിഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് സമാധാന സന്ദേശം നൽകി. യുദ്ധത്തിന്റെ ഭീകരതയിൽ വേദനിക്കുന്ന യുക്രൈൻ ജനതയ്ക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ ഫ്രാൻസിസ് മാർപാപ്പയോട് ചേർന്ന് ഇരു രാജ്യങ്ങൾ തമ്മിലുള്ള ശാന്തിയും സമാധാനവും പുനസ്ഥാപിക്കുവനുള്ള ഉദ്യമങ്ങളിൽ പങ്കുകാരാകുവാനും പിതാവ് ആഹ്വാനം ചെയ്തു. കരുണയുടെ ജപമാല പ്രാർത്ഥനയ്ക്ക് ബഹു. സിസ്റ്റേഴ്സ് നേതൃത്വം നൽകി. തിരുവല്ല അതിഭദ്രാസന എം.സി.വൈ.എം. ജനറൽ സെക്രട്ടറി സാം സ്വാഗതം അറിയിച്ചു. തുടർന്ന് എം.സി.വൈ.എം അതിഭദ്രാസന ഡയറക്ടർ ഫാ. ജോസഫ് തൈപ്പറമ്പിൽ ആമുഖസന്ദേശം നൽകി. യൂണിറ്റ് പ്രസിഡന്റ് ജനു സമാധാന പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. അതിഭദ്രാസന എം.സി.എ. പ്രസിഡന്റ് ശ്രീ. ജിനു ഏവർക്കും നന്ദി അറിയിച്ചു. കത്തീഡ്രൽ വികാരി ഫാ. മാത്യു പുനക്കുളം, ഫാ ജെറോം പുളിക്കൽ, എം.സി.വൈ.എം., എം.സി.എ. അതിഭദ്രാസന യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.




### അനുഗ്രഹീതം

വനിതാദിനത്തോടനുബന്ധിച്ച് 2022 മാർച്ച് 8-ാം തീയതി ചൊവ്വാഴ്ച എം.സി.വൈ.എ തിരുവല്ല അതിഭദ്രാസനത്തിന്റെ അനുഗ്രഹീത മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുവല്ല അതിഭദ്രാസനത്തിലെ യുവതികൾക്കുവേണ്ടി വനിതാദിന സന്ദേശവും എക്സ്പീരിയൻസ് ഷെയറിങ് സെഷനും ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ നടത്തി. സെഷൻ നയിച്ചത് കെ.സി.ബി.സി. 2022 ബെസ്റ്റ് മീഡിയ വുമൺ പവർ അവാർഡ് കരസ്ഥമാക്കിയ സ്നേഹ കുഞ്ഞുമോനാണ്. ഈ ഒരു കാലയളവിൽ, ഒരു സ്ത്രീ എന്ന നിലയിൽ വിജയത്തിന്റെ പടവുകൾ കയറുമ്പോൾ താൻ സമൂഹത്തിൽ നിന്നും നേരിട്ടുള്ള ഓരോ സാഹചര്യങ്ങളും അവയെ എങ്ങനെ നേരിടാം എന്നിവയെക്കുറിച്ച് വളരെ ലളിതമായ രീതിയിൽ യുവതികളോട് സ്നേഹ സംസാരിച്ചു.

www.malankaralibrary.com



## പരീക്ഷ ഒരുക്ക ക്ലാസും ദിവ്യകാരുണ്യ ആരാധനയും




എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന ഇന്റർസെഷൻ മിനിസ്ട്രിയും ടീൻ മിനിസ്ട്രിയും സംയുക്തമായി, പരീക്ഷയ്ക്ക് ഒരുങ്ങുന്ന കുട്ടികൾക്കായ് 2022 മാർച്ച് 19 ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് പരീക്ഷ ഒരുക്ക ക്ലാസും ദിവ്യകാരുണ്യ ആരാധനയും ഓൺലൈനായി നടത്തി. പരീക്ഷകളെ എങ്ങനെ സമീ പിക്കണമെന്നും പരീക്ഷയുടെ സമ്മർദ്ദത്തെ എങ്ങനെ മറികടക്കാം എന്നത് സംബന്ധിച്ചും സി. തേജസ്സ് മേരി SIC ക്ലാസ്സ് എടുത്തു. എം.സി.വൈ.എം. റാന്നി മേഖല ട്രഷററും റാങ്ക് ജേതാവുമായ ജൂലി ജേക്കബ്, തന്റെ അനുഭവങ്ങൾ പങ്കുവച്ച് സംസാരിച്ചു. ദിവ്യകാരുണ്യ ആരാധനയ്ക്ക് എം.സി.വൈ.എം. തിരുവല്ല മേഖല ഡയറക്ടർ ഫാ. എബി വടക്കുംതലയും അതിഭദ്രാസന യൂത്ത് കോർഡിനേറ്റർ സി. അലീന SIC എന്നിവർ നേതൃത്വം നൽകി.

## മേഖലാ സന്ദർശനം

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ, മേഖലാ സന്ദർശന




ങ്ങളുടെ തുടക്കം കുറിച്ചുകൊണ്ട് 2022 മാർച്ച് 26 ന് മാലം, സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് കോട്ടയം മേഖലാ സന്ദർശനവും യുവജന പ്രാർത്ഥന കൂട്ടായ്മയും നടത്തി. പ്രാർത്ഥനാ കൂട്ടായ്മയിൽ, തിരുവല്ല അതിഭദ്രാസന സെക്രട്ടറി മോനു ജോസഫ് വചനം പങ്കുവച്ചു.

പ്രാർത്ഥന കൂട്ടായ്മയ്ക്ക് ശേഷം അതിഭദ്രാസന തലത്തിൽ ആരംഭിക്കുന്ന വിവിധ യൂത്ത് മിനിസ്ട്രി കളെ സംബന്ധിച്ചും മിനിസ്ട്രികളുടെ പ്രവർത്തന ങ്ങളെ സംബന്ധിച്ചും അതിഭദ്രാസന പ്രസിഡന്റ് ലൈജു കോശി മാത്യു സംസാരിച്ചു.

യുവജനങ്ങളുടെ ഇടയിൽ സുവിശേഷ പ്രഘോഷണം ലക്ഷ്യം വച്ചുകൊണ്ട് ആരംഭിക്കുന്ന, ഇന്റർസെഷൻ മിനിസ്ട്രിയുടെ ഔദ്യോഗിക ഉദ്ഘാടനം, കോട്ടയം മേഖലാ സമിതി അംഗങ്ങൾ

www.malankaralibrary.com



ഒരുമിച്ചുചേർന്ന് തിരിതെളിയിച്ചുകൊണ്ട് നിർവഹിച്ചു. ഇന്റർസെഷൻ മിനിസ്ട്രിയുടെ കർമപരിപാടികളുടെ പ്രകാശനം കോട്ടയം മേഖല ഡയറക്ടർ റവ. ഫാ. മാത്യു വെട്ടിയിൽ നിർവഹിച്ചു.

കോട്ടയം മേഖലയിലെ യുവജനങ്ങളുടെ പുതുക്കിയ എം.സി.വൈ.എം. ഐ.ഡി. കാർഡുകളുടെ ഔദ്യോഗിക വിതരണം, എം.സി.വൈ.എം. സഭാതല സമിതി വൈസ് പ്രസിഡന്റ് ശ്രീമതി ടീനാ കെ. എസ്., കോട്ടയം മേഖല പ്രസിഡന്റ് ശ്രീ. അമൽ ടോം മലയാറ്റിലിന് നൽകികൊണ്ട് നിർവഹിച്ചു. രജിസ്റ്റർ ചെയ്ത 142 അംഗങ്ങൾക്ക് ഐ.ഡി. കാർഡുകൾ നല്കി.

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന ഭാരവാഹികളും കോട്ടയം മേഖലാ ഭാരവാഹികളും കോട്ടയം മേഖലയിലെ വിവിധ യൂണിറ്റുകളുടെ പ്രതിനിധികളും കൂട്ടായ്മയിൽ പങ്കെടുത്തു.

### കൂട്ടായ്മ

എം.സി.വൈ.എം തിരുവല്ല അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ, 2022 മാർച്ച് 27 ഞായറാഴ്ച, കല്ലിശേരി, സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് തിരുവല്ല മേഖലാ ഭാരവാഹികളെയും മേഖലയിലെ യൂണിറ്റുകളുടെ പ്രതിനിധികളെയും സന്ദർശിച്ചു. മീറ്റിംഗിൽ എം.സി.വൈ.എം തിരുവല്ല അതിഭദ്രാസന സെക്രട്ടറി ശ്രീമതി പ്രിയാ മോൾ രാജൻ, തിരുവചന സന്ദേശം നൽകി. അതിഭദ്രാസന തലത്തിൽ ആരംഭിക്കുന്ന വിവിധ യൂത്ത് മിനിസ്ട്രികളെ സംബന്ധിച്ചും മിനിസ്ട്രികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും അതിഭദ്രാസന പ്രസിഡന്റ് ശ്രീ. ലൈജു കോശി മാത്യു യുവജനങ്ങളോട് സംസാരിച്ചു.

എം.സി.വൈ.എം തിരുവല്ല അതിഭദ്രാസനത്തിന്റെ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ പ്രവർത്തനങ്ങൾ ലക്ഷ്യംവച്ചുകൊണ്ട് ആരംഭിക്കുന്ന, മീഡിയ മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ, മീഡിയ മിനിസ്ട്രി കോർഡിനേറ്ററും അതിഭദ്രാസന ജനറൽ സെക്രട്ടറിയുമായ ശ്രീ. സാം മോൻ ബാബു വിശദീകരിച്ചു. തിരുവല്ല മേഖലാ സമിതി അംഗങ്ങൾ ഒരുമിച്ച് ചേർന്ന്,തിരിതെളിയിച്ചുകൊണ്ട് മീഡിയ മിനിസ്ട്രിക്ക് ഔദ്യോഗികമായി ആരംഭം കുറിച്ചു.

മീഡിയ മിനിസ്ട്രിയുടെ കർമ്മപരിപാടികൾ അടങ്ങിയ പോസ്റ്റർ എം.സി.വൈ.എം. തിരുവല്ല മേഖലാ ഡയറക്ടർ റവ. ഫാ. എബി വടക്കുംതല,




തിരുവല്ല മേഖല പ്രസിഡന്റ് ശ്രീ. സിറിയക്ക് വി. ജോണിന് നൽകികൊണ്ട് പ്രകാശനം ചെയ്തു.

തിരുവല്ല മേഖലയിലെ യുവജനങ്ങളുടെ പുതുക്കിയ എം.സി.വൈ.എം. ഐ.ഡി കാർഡുകളുടെ ഔദ്യോഗിക വിതരണം, എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന മുൻ ഡയറക്ടറും കല്ലിശേരി യൂണിറ്റ് ഡയറക്ടറുമായ റവ. ഫാ. ജേക്കബ് മാത്യു അരീക്കൽ, തിരുവല്ല മേഖല പ്രസിഡന്റ് ശ്രീ. സിറിയക്ക് വി. ജോണിന് നൽകി കൊണ്ട് നിർവഹിച്ചു. രജിസ്റ്റർ ചെയ്ത 361 അംഗങ്ങൾക്ക് ഐ.ഡി കാർഡുകൾ നല്കി.

എം.സി.വൈ.എം. തിരുവല്ല മേഖല ഭാരവാഹികളും തിരുവല്ല മേഖലയിലെ വിവിധ യൂണിറ്റുകളുടെ പ്രതിനിധികളും കൂട്ടായ്മയിൽ പങ്കെടുത്തു.

www.malankaralibrary.com



## ബത്തേരി ഭദ്രാസനം

### പ്രാർത്ഥനാ ദിനം



യുദ്ധക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന യുക്രൈൻ- റഷ്യൻ ജനതയ്ക്കുവേണ്ടി മാർച്ച് രണ്ടാം തീയതി പ്രത്യേക പ്രാർത്ഥനാ ദിനമായി ആചരിക്കണം എന്ന പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ആഗോ ളതലത്തിലുള്ള ആഹ്വാനപ്രകാരം എം.സി വൈ.എം. ബത്തേരി ഭദ്രാസന ഡയറക്ടർ ഫാ. ഫിലിപ്പ് മുടമ്പി ള്ളിക്കുഴിയിലിന്റെ നേതൃത്വത്തിൽ പ്രതീക്ഷ യൂത്ത് സെന്ററിൽ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയും ദീപം തെളിയിക്കൽ ചടങ്ങും നടത്തി.

### SPEAK UPS

മാർച്ച് 8 വനിതാ ദിനത്തോടനുബന്ധിച്ച് എം.സി.വൈ.എം. ബത്തേരി ഭദ്രാസനം SPEAK UPS ഓൺലൈൻ പ്രസംഗമത്സരം നടത്തി. വിവിധ മേഖല കളിൽ നിന്നുമുള്ള മത്സരാർത്ഥികൾ പങ്കെടുത്തു. എം.സി.വൈ.എം. ബത്തേരി ഭദ്രാസന യൂട്യൂബ് ചാനൽ വഴി സഭാതല പ്രസിഡന്റ് ശ്രീമതി. എയ്ഞ്ചൽ മേരി മത്സരഫലം പ്രഖ്യാപിക്കുകയും വനിതാ ദിന സന്ദേശം നൽകുകയും ചെയ്തു.




മത്സര വിജയികൾ

1st - Femi George (Nilagiri Region)

2nd - Emitta Grace (Kozhikode Region)

3rd - Lintu Scaria (Edakara Region)

### സോഫിയ- പരീക്ഷ ഒരുക്ക സെമിനാറും ആത്മാഭിഷേക പ്രാർത്ഥനയും




വിവിധ പരീക്ഷകൾക്കായി ഒരുങ്ങിക്കൊണ്ടി രിക്കുന്ന യുവജനങ്ങൾക്കായി എം.സി.വൈ.എം. ബത്തേരി ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ സോഫിയ-

www.malankaralibrary.com



പരീക്ഷ ഒരുക്ക സെമിനാറും ആത്മാഭിഷേക പ്രാർത്ഥനയും നടത്തി. 2022 മാർച്ച് 28-ാം തീയതി വൈകുന്നേരം 7 മണിക്ക് നടന്ന പരീക്ഷ ഒരുക്ക സെമിനാറിന് ഫാ. അനൂപ് മുണ്ടക്കൽ CSSR നേതൃത്വം നൽകി. ഭദ്രാസന വൈസ് പ്രസിഡന്റ് ഏബൽ ജോപോൾ അധ്യക്ഷത വഹിച്ചു. ഭദ്രാസന ഡയറക്ടർ ഫാ. ഫിലിപ്പ് മുടമ്പള്ളിക്കുഴിയിൽ മറ്റ് ഭദ്രാസന ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. വിവിധ മേഖലകളിൽനിന്നുള്ള യുവജനങ്ങൾ പങ്കെടുത്തു.

## മാവേലിക്കര ഭദ്രാസനം

### തീം പഠനശിബിരം

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ തീം പഠനശിബിരം 2022 മാർച്ച് 12-ാം തീയതി രാവിലെ 9.30 ന് മാവേലിക്കര വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ കല്ലുമല, സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തി. ഭദ്രാസന വൈസ് പ്രസിഡന്റ് ക്രിസ്റ്റി രാജ് പതാക ഉയർത്തി. മൈനർ സെമിനാരി റെക്ടർ റവ. ഡോ. ഗീവർഗ്ഗീസ് കൈതവന തീം പഠനശിബിരം ഉദ്ഘാടനം ചെയ്തു. ഭദ്രാസന ഡയറക്ടർ റവ. ഫാ. ഡെന്നിസ് മുകളുംപുറത്തിന്റെ സാന്നിധ്യത്തിൽ ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജി അധ്യക്ഷത വഹിച്ച സമ്മേളനത്തിന് ഭദ്രാസന ജനറൽ സെക്രട്ടറി രഞ്ചു രാജു സ്വാഗതം ആശംസിച്ചു. മാവേലിക്കര വൈദിക ജില്ല ഡയറക്ടർ റവ. ഫാ തോമസ് പുത്തൻ പറമ്പിൽ യോഗത്തിന് ആശംസകൾ അറിയിച്ചു. തുടർന്ന് സഭയും യുവജനങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി യുവജന മനസ്സിനെ മറ്റൊരു അർത്ഥതലത്തിലേക്കും വേറിട്ട ചിന്താധാരയിലേക്കും ആവേശത്തിലും കൊണ്ടെത്തിച്ച ക്ലാസായിരുന്നു റവ. ഫാ. സിജോ ചെന്നാടൻ സി.എം.ഐ യുടെത് പിന്നീട് ഈ വർഷം മലങ്കര കത്തോലിക്കാ സഭ യുവജനങ്ങൾക്ക് നൽകിയ തീം ആയ യുവജനങ്ങൾ: സഹയാത്രികർ എന്ന വിഷയത്തിന്റെ എല്ലാ അർത്ഥതലങ്ങളെയും ഉൾകൊള്ളിച്ചുകൊണ്ട് യുവജനങ്ങളിലേക്ക് ആഴ്ന്നിറങ്ങിയ ക്ലാസായിരുന്നു റവ. ഫാ. ഡൊമനിക് മൂഴിക്കര ഓ.ഐ.സി യുടെത്. മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് സമാപന സന്ദേശം നൽകി. ഭദ്രാസന ട്രഷറർ സ്റ്റാലിൻ ഫിലിഫ് നന്ദിയർപ്പിക്കുകയും ചെയ്തു.

അഭിവന്ദ്യ പിതാവ് സമാപന ആശീർവാദം











നൽകി സമ്മേളനത്തിന് തിരശ്ശീല വീണു. ഏകദേശം 200 ൽ അധികം യുവജനങ്ങൾ പങ്കെടുത്തു.

### പ്രാർത്ഥനാ ദിനം

പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാന പ്രകാരം മാർച്ച് 2-ാം തീയതി യുദ്ധക്കെടുതിമൂലം ദുരിതം അനുഭവിക്കുന്ന യുക്രൈൻ-റഷ്യൻ ജനതകൾക്ക് വേണ്ടി മാവേലിക്കര ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പ്രാർത്ഥനാ ദിനമായി ആചരിച്ചു. ഉച്ചയ്ക്ക് 3 മണിക്ക് യുവജനങ്ങൾ ആയിരുന്ന സ്ഥലങ്ങളിൽ ഇരുന്നുകൊണ്ട് ഓൺലൈനായി കരുണകൊന്ത ചൊല്ലുകയും യുദ്ധക്കെടുതി മൂലം ദുരിതം

www.malankaralibrary.com






അനുഭിക്കുന്നവർക്കും, ലോക സമാധനത്തിന് വേണ്ടിയും പ്രാർത്ഥിച്ചു. ഏകദേശം 40 ഓളം യുവജനങ്ങൾ പങ്കെടുത്തു


## പത്തനംതിട്ട ഭദ്രാസനം

### മേൽതോ ദ് സൗമോ (നോമ്പ്കാല യുവജന ധ്യാനം)




എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നോമ്പുകാലത്ത് യുവജനങ്ങളെ ആത്മീയമായി ഒരുക്കുന്നതിനായി 'മേൽതോ ദ് സൗമോ' എന്ന പേരിൽ ഓൺലൈൻ യുവജനധ്യാനം നടത്തി. മാർച്ച് മാസം ആറാം തീയതി ഞായറാഴ്ച വൈകുന്നേരം 7 മണി മുതൽ നടത്തപ്പെട്ട യുവജന ധ്യാനത്തിന് പ്രശസ്ത ധ്യാനഗുരു റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ നേതൃത്വം നൽകി. ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ, സിസ്റ്റർ ആനി മേറ്റർ തമീം എസ്.ഐ.സി., പ്രസിഡന്റ് അജോഷ് എം. തോമസ് ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം, ഭദ്രാസന ഭാരവാഹികൾ എന്നിവർ പ്രസ്തുത ധ്യാനത്തിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

### പ്രാർത്ഥനാദിനം




ലോകം ഭീതിയുടെ നിഴലിൽ കൂടി യുദ്ധമുഖത്തേക്ക് നോക്കുമ്പോൾ യുദ്ധഭൂമിയിൽ ശാന്തിയും സമാധാനവും പുലരുന്നതിനായി പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാനപ്രകാരം എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി മാർച്ച് 2 പ്രാർത്ഥനാ ദിനമായി ആചരിച്ചു. പ്രാർത്ഥനാ ദിനത്തിന്റെ ഭാഗമായി വൈദിക ജില്ലാ സമിതികളുമായി ചേർന്നുനിന്നു കൊണ്ട് ജപമാല പ്രാർത്ഥന പ്രസ്തുത നിയോഗത്തിൽ നടത്തി. ഓൺലൈനായി നടത്തപ്പെട്ട ജപമാല പ്രാർത്ഥനയിൽ ഭദ്രാസന സെനറ്റ് അംഗങ്ങൾ പ്രാർത്ഥനയോടെ പങ്കെടുത്തു.

www.malankaralibrary.com



## മൂവാറ്റുപുഴ ഭദ്രാസനം

### വനിതാ ദിനാഘോഷവും കർമ്മപദ്ധതി പ്രകാശനവും



കെ.സി.വൈ.എം വനിതാ ദിനാഘോഷവും മൂവാറ്റുപുഴ എം.സി.വൈ.എം ഭദ്രാസന കർമ്മപദ്ധതി പ്രകാശനവും എം.സി.വൈ.എം. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ പിറവം മേഖലയിലെ ഓണക്കൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2022 മാർച്ച് 13-ാം തീയതി ഞാറാഴ്ച്ച നടത്തി. മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവദ്യ യുഹാനോൻ മാർ തെയഡോഷ്യസ് പിതാവ് ഉദ്ഘാടനം നിർവഹിച്ച മീറ്റിംഗിൽ കെ.സി.വൈ.എം സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി ഡെലിൽ ഡേവിഡ് അദ്ധ്യക്ഷത വഹിച്ചു. മുഖ്യാതിഥിയായി ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ് ജേതാക്കളായ സിസ്റ്റർ ലിസ്മി CMC യും കുമാരി സ്റ്റെഫി ജോസഫും സന്നിഹിതരായിരുന്നു. എം.സി.വൈ.എം. മൂവാറ്റുപുഴ ഭദ്രാസനത്തിലെ ഒരു വർഷത്തെ കർമ്മപദ്ധതി പ്രകാശനം മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവദ്യ യുഹാനോൻ മാർ തെയഡോഷ്യസ് പിതാവ് മുവാറ്റുപുഴ ഭദ്രാസന പ്രസിഡന്റ് ശ്രീ. സിബി തോമസിന് നൽകികൊണ്ട് ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് പത്ത് വർഷക്കാലത്തോളം മൂവാറ്റുപുഴ എം.സി.വൈ.എം ആനിമേറ്ററായി സേവനം അനുഷ്ഠിച്ച ശ്രീ. ഷിബു പനിച്ചിക്കൽ സാറിനും രണ്ട് വർഷക്കാലം ആനിമേറ്ററായി സേവനം അനുഷ്ഠിച്ച സിസ്റ്റർ സ്മിത SIC യ്ക്കും മെമന്റോ നൽകി ഭദ്രാസനം ആദരിച്ചു. എം.സി.വൈ.എം. പിറവം മേഖലയിലെ കർമ്മപദ്ധതി പ്രകാശനം കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര, പിറവം മേഖല പ്രസിഡന്റ് കുമാരി അഡ്വ. നിമ്മി ഷാജിക്ക് നൽകികൊണ്ട് ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് 32 രൂപതകളേയും കോർത്തിണക്കി കൊണ്ട് കേശദാന ക്യാമ്പിന് തുടക്കം കുറിച്ചു. സ്ത്രീശാക്തീകരണം എന്ന വിഷയത്തെ പ്പറ്റി കെ.സി.വൈ.എം. മുൻ സംസ്ഥാന വനിതാ നേതാക്കളായ ശ്രീമതി രേഷ്മ കുര്യാക്കോസ് ശ്രീമതി ജോയ്സ് മരിയ ആന്റണി എന്നിവർ സംസാരിച്ചു. വനിതാ ദിനത്തിന്റെ ഭാഗമായി പ്രശസ്ത കരാട്ടെ ബ്ലാക്ക് ബെൽറ്റ് താരം ബിന്ദു മേരിയുടെ നേതൃത്വത്തിൽ സെൽഫ് ഡിഫൻസ് ക്ലാസും യുവതികൾക്ക് നൽകി.

## പാറശ്ശാല ഭദ്രാസനം

### അസ്സീസിയൻ സൗഹൃദം

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസനത്തിലെ ഭദ്രാസന-ജില്ലാതല ഭാരവാഹികളുടെ സംഗമം- 'അസ്സീസിയൻ സൗഹൃദം' ചെറുവാരക്കോണം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2022 മാർച്ച് 27-ാം തീയതി ഞായറാഴ്ച നടന്നു.

2022, 2023 വർഷ കാലയളവിലെ ഭദ്രാസന-ജില്ലാതല എം.സി.വൈ.എം. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഭാരവാഹികൾക്ക് യുവജന ശുശ്രൂഷയെക്കുറിച്ച് ഓറിയന്റേഷൻ നൽകുവാൻ അസ്സീസിയൻ സൗഹൃദം സഹായകരമായി. നേതൃത്വപരിശീലന ക്ലാസ്സ് ബഹു ഫാ. ബെനഡിക്ട് വാറുവിള നയിച്ചു.

തദവസരത്തിൽ ഉപരിപഠനം പൂർത്തിയാക്കി തിരികെയെത്തിയ ഭദ്രാസന മുൻ ഡയറക്ടർമാരായ ഫാ. ബിജോയ് ഊരാളിവിള, ഫാ. ബെനഡിക്റ്റ് വാറുവിള എന്നിവരെ യുവജന കുടുംബം ആദരിച്ചു.

ഭദ്രാസന-ജില്ല ബഹു. ഡയറക്ടർ അച്ചന്മാർ ആനിമേറ്റർ സിസ്റ്റേഴ്സ് എന്നിവരും സൗഹൃദ കൂട്ടായ്മയിൽ പങ്കാളികളായി.

www.malankaralibrary.com





പാറശ്ശാല വൈദിക ജില്ല ആതിഥേയത്വം വഹിച്ച അസ്സീസിയൻ സൗഹൃദത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തത് ചെറുവാരക്കോണം യൂണിറ്റായിരുന്നു.

അസ്സീസിയൻ സൗഹൃദത്തിന് നേതൃത്വം നൽകിയത് ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, പ്രസിഡന്റ് ശരത് ലാൽ എന്നിവരുടെ നേതൃത്വത്തിലുള്ള എം.സി.വൈ.എം. ഭദ്രാസന സമിതിയാണ്.

## വനിതാ ദിനാഘോഷം




പാറശ്ശാല ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ വനിതാ ദിനാഘോഷം നടത്തി. പെൺകുട്ടികളെ സഭയുടേയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള കർമ്മപരിപാടികൾ ആവിഷ്ക്കരിക്കണമെന്ന് അഭിപ്രായപ്പെട്ടു. മലങ്കര സുറിയാനി കത്തോലിക്കാ സഭാതല എം.സി.വൈ.എം. പ്രസിഡന്റ് ശ്രീമതി ഏയ്ഞ്ചൽ മേരി, തിരുവനന്തപുരം എം.സി.വൈ.എം. പ്രസിഡന്റ് കുമാരി രഞ്ചിത ആർ.ജെ., കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി കുമാരി സെലിൻ ചന്ദ്രബാബു എന്നിവർ വനിതാ ദിനാഘോഷത്തിലെ വിശിഷ്ടാതിഥികളായിരുന്നു. ഭദ്രാസനത്തിൽ നിന്ന് സഭയുടെ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലെത്തിയ ഏയ്ഞ്ചൽ മേരി, കുമാരി രഞ്ചിത ആർ.ജെ., കുമാരി സെലിൻ ചന്ദ്രബാബു എന്നിവരെ തദവസരത്തിൽ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവ് പൊന്നാടയണിച്ച് ആദരിച്ചു. ഭദ്രാസന എം.സി.വൈ.എം. പ്രസിഡന്റ് ശരത് ലാൽ റ്റി. എസ്., ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, അസി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ്, ആനിമേറ്റർ സി. സീനാ ജോൺ ഡി. എം., ഭദ്രാസന ജനറൽ സെക്രട്ടറി അരുൺ റ്റി. എസ്., ട്രഷറാർ ഷിബു എസ്. ആർ എന്നിവരും ധാരാളം യുവജനങ്ങളും വനിതാ ദിനാഘോഷത്തിൽ സന്നിഹിതരായിരുന്നു.

## അസ്സീസിയൻ സെനാക്കിൾ

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസനത്തിലെ 2022 വർഷത്തെ കർമ്മപദ്ധതികൾ, 'അസ്സീസിയൻ സെനാക്കിൾ' ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. 2022 മാർച്ച് 6-ാം തീയതി ഞായറാഴ്ച തിരുവല്ലം തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്ന പരിപാടികൾ ആനിമേറ്റർ സി. സീനാ ജോൺ ഡി.എം. പതാക ഉയർത്തി ആരംഭിച്ചു. തുടർന്ന് ഭദ്രാസന ഡയറക്ടർ ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് യുവജനങ്ങൾ സഹയാത്രികർ എന്ന ഈ വർഷത്തെ പഠന വിഷയം അവതരിപ്പിച്ചു.

www.malankaralibrary.com





ഭദ്രാസന എം.സി.വെ.എം. പ്രസിഡന്റ് ശരത് ലാൽ റ്റി. എസ്.ന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ഈ വർഷത്തെ ഭദ്രാസന കർമ്മപരിപാടികളും കാട്ടാക്കട, ചെമ്പൂര് വൈദിക ജില്ലകളുടേയും കർമ്മപരിപാടികളും അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. സഭാതല എം.സി.വൈ.എം. പ്രസിഡന്റ് ശ്രീമതി ഏയ്ഞ്ചൽ മേരി, തിരുവനന്തപുരം എം.സി.വൈ.എം. പ്രസിഡന്റ് കുമാരി രഞ്ചിത ആർ. ജെ., കെ.സി. വൈ.എം. സംസ്ഥാന സെക്രട്ടറി കുമാരി സെലിൻ ചന്ദ്രബാബു എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. അസി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ്, ബാലരാമപുരം ജില്ലാ വികാരി ഫാ. സാമുവേൽ പുത്തൻപുരയിൽ, ജില്ലാ ഡയറക്ടർ ഫാ. മാത്യു വെട്ടിയോടിതടത്തിൽ, ജില്ലാ പ്രസിഡന്റ് അജീഷ് ലാൽ, യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, യുണിറ്റ് പ്രസിഡന്റ് ബെന്നി, ഭദ്രാസന ജനറൽ സെക്രട്ടറി അരുൺ റ്റി. എസ്., ട്രഷറർ ഷിബു എസ്. ആർ എന്നിവർ പ്രസംഗിച്ചു. ഭദ്രാസനത്തിലെ 5 വൈദികജില്ലാ ഭാരവാഹികളും ഒട്ടേറെ യുവജനങ്ങളും സംബന്ധിച്ച പരിപാടികൾ സ്നേഹഭോജനത്തോടെ സമാപിച്ചു.

## Eparchy of Marthandam

### Prayer

Pope Francis announced March 2nd as the day of prayer and fasting for the people of Ukraine and Russia ."As per the Instructions given by the central secretariat, we arranged a prayer service in our diocese on 4th March 2022 at the Adoration Chapel near by the MCYM Office . Prayer service was conducted by our assistant director Rev.Fr. Anto Jebin along with the sister animator Rev Sr.Flower John DM and the MCYM Diocese Board members..

## Eparchy of Pune-Khadki

### Maranatha – Online Lenten Retreat

A Lenten Retreat was conducted by the Eparchial MCYM on 27th March, Sunday. With the formal program starting sharply at 5:00 pm, the session witnessed healthy participation from all districts from the Eparchy of Ephrem Khadki-Pune. The retreat was conducted via Zoom platform and saw a total attendance of 181 participants. Due credit to the speaker Rev. Fr. Benedict Varuvila who shared Lenten Reflection for our youth wholeheartedly in precise fashion helping them prepare for the Great Holy Lent.

